# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2964 — 22.06.2012-ൽ മറുപടിക്ക്

## കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അഗ്രികൾച്ചറൽ ഫാമുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി<br>ശ്രീ.എം.ഉമ്മർ<br>ശ്രീ.സി.മോയിൻകുട്ടി | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അഗ്രികൾച്ചറൽ ഫാമുകളുടെ പ്രവർത്തനം ഏറ്റവും അവസാനമായി വിലയിരുത്തിയത് എന്നാണെന്നും, അതിന്റെ ഫലം എന്തായിരുന്നുവെന്നും വിശദമാക്കാമോ; | എ) കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫാമുകളുടെ ചുമതല വഹിക്കുന്ന ഫാം ഓഫീസർമാരുടെ മീറ്റിംഗ് ബഹു: കൃഷി വകുപ്പ് മന്ത്രി, 21/02/2012-ൽ ആനയറ സമേതി സെമിനാർ ഹാളിൽ വച്ച് നടത്തി. കൂടാതെ 16/06/2012-ൽ ഫാമുകളുടെ ചുമതല വഹിക്കുന്ന കൃഷി ഡെപ്യൂട്ടി ഡയറക്ടർമാരുടെ യോഗം വിളിച്ചുകൂട്ടി ഫാമുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി. 21/02/2012-ൽ നടത്തിയ ഫാം ഓഫീസർമാരുടെ മീറ്റിംഗിൽ ഫാമുകളിൽ ആധുനിക സാങ്കേതിക വിദ്യകൾ നടപ്പിലാക്കുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കുന്നതിനും ഫാമുകളുടെ അതിർത്തിയിൽ ചെയിൻ ലിങ്ക്ഡ് ഫെൻസിംഗ് വേലി സ്ഥാപിക്കുന്നതിനും ഗുണമേൻമ കൂടിയതും പുതിയ ഇനങ്ങളിലുള്ളതുമായ നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിനും പുഷ്പകൃഷി, ഔഷധസസ്യ കൃഷി എന്നിവ വിപുലപ്പെടുത്തുന്നതിനും, ആർ.കെ.വി.വൈ, ആർ.ഐ.ഡി.എഫ്, സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ മിഷൻ എന്നിവയുടെ ഫണ്ട് ഉപയോഗിച്ച് അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിനും, വാഹന സൗകര്യം ലഭ്യമാക്കുന്നതിനുമുള്ള പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട് അതിൻപ്രകാരം മേൽ നടപടി സ്വീകരിച്ചു കൊണ്ടിരിക്കുന്നു. |
| ബി) വിവിധ പൊതു സ്വകാര്യ സംരംഭങ്ങൾക്ക് ഭൂമി വിട്ടുകൊടുക്കുന്നതു മൂലം ഫാമുകളുടെ വിസ്തൃതി കുറഞ്ഞുവരുന്നതായി | ബി) പൊതു സ്വകാര്യ സംരംഭങ്ങൾക്ക് ഭൂമി വിട്ടുകൊടുക്കുന്നതുമൂലം ഫാമുകളുടെ വിസ്തൃതി കുറഞ്ഞുവരുന്നതായി കണ്ടെത്തിയിട്ടുണ്ട്. 58.658 ഹെക്ടർ സ്ഥലം വിവിധ സംരംഭങ്ങൾക്കായി |

| | |
|---|---|
| കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ പത്തു വർഷത്തിനിടയിൽ വിസ്തൃതിയിൽ എത്ര കുറവുണ്ടാ യിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | നൽകിയിട്ടുണ്ട്. |
| സി) നിലവിലുള്ള ഫാമുകളുടേയും അവയുടെ വിസ്തൃതിയും സംബന്ധിച്ച വിശദ വിവരം നൽകാമോ; | സി) സംസ്ഥാനത്ത് കൃഷി വകുപ്പിനു കീഴിൽ ആകെ 64 ഫാമുകളാണ് ഉള്ളത്. അവയുടെ ആകെ വിസ്തൃതി 2062.247 ഹെക്ടറാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| ഡി) സംസ്ഥാനത്തിന്റെ കാർഷിക വികസനത്തിനും, പഴം, പച്ചക്കറി എന്നിവയുടെ കാര്യത്തിൽ ആഭ്യന്തര ആവശ്യം നേരിടുന്ന തിനും ഫാമുകൾ വഹിക്കുന്ന പങ്ക് വിശദമാക്കുമോ? | ഡി) പഴം പച്ചക്കറി എന്നിവയുടെ ആഭ്യന്തര ആവശ്യം നേരിടുന്നതിന് കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 64 ഫാമുകളും നല്ല രീതിയിലുള്ള പ്രവർത്തനമാണ് നടത്തുന്നത്. കൃഷി വകുപ്പിൽ വിവിധ ഫാമുകളിൽ നിന്നും വിവിധയിനം വാഴക്കുലകൾ, കിഴങ്ങുവർഗ്ഗങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ, തേങ്ങ എന്നിവ ഉൽപ്പാദിപ്പിച്ച് മിതമായ നിരക്കിൽ കർഷകർക്കും പൊതുജനങ്ങൾക്കും ലഭ്യമാക്കുന്നുണ്ട്. നെല്ലിയാംപതി ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാമിൽ നിന്ന് പേരയ്ക്ക, ഓറഞ്ച്, മാങ്ങ, പാഷൻ ഫ്രൂട്ട് മുതലായവയുടെ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും വിൽപ്പന നടത്തുകയും ചെയ്യുന്നു. ഇതു കൂടാതെ കൃഷി വകുപ്പിന്റെ ഫാമുകളിൽ നിന്നും അത്യുൽപ്പാദനശേഷിയുള്ള നെൽ വിത്ത്, പച്ചക്കറി വിത്തുകൾ, തെങ്ങിൻ തൈകൾ, ഒട്ടുതൈകൾ, ഔഷധ സസ്യതൈകൾ, വാഴക്കന്നുകൾ, അലങ്കാരചെടികൾ എന്നിവ ധാരാളമായി ഉൽപ്പാദിപ്പിച്ച് ഫാമുകളിൽനിന്ന് നേരിട്ട് കൃഷി ഭവൻ മുഖേനയും കർഷകർക്ക് നൽകി വരുന്നു. അങ്ങനെ സംസ്ഥാനത്തെ നടിൽ വസ്തുക്കളുടെ ആവശ്യകത ഒരു പരിധിവരെ നിറവേറ്റുന്നതിനും ഫാമുകൾക്ക് കഴിയുന്നു. കൂടാതെ ഫാമുകളിൽ ശാസ്ത്രീയ രീതിയിലുള്ള കൃഷികൾ അവലംബിക്കുന്നതിനാൽ ഫാമുകൾ കർഷകർക്ക് മാതൃകാ തോട്ടമായും പ്രദർശന തോട്ടങ്ങളായും സ്വീകരിക്കുന്നതിനും അതുവഴി കർഷകർക്ക് അവരുടെ കൃഷി രീതി മെച്ചപ്പെടുത്തി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും സഹായിക്കുന്നു. |

**സെക്ഷൻ ആഫീസർ**

## കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകളുടെ പേരും അവയുടെ വിസ്തൃതിയും സംബന്ധിച്ചുള്ള റിപ്പോർട്ട് (ജില്ല തിരിച്ച്)

### അനുബന്ധം

| ക്രമ നമ്പർ | ജില്ല | ഫാമുകൾ | ആകെ വിസ്തൃതി (ഹെക്ടർ) | |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 1) സംസ്ഥാന വിത്തുല്പാദന കേന്ദ്രം പാലോട് | 7.6 | |
| | | 2) സംസ്ഥാന വിത്തുല്പാദന കേന്ദ്രം ചിറയിൻകീഴ് | 10.6 | |
| | | 3) ഉദ്യാന നഴ്സറി. പെരിങ്ങമ്മല | 26.31 | |
| | | 4) കോക്കനട്ട് നഴ്സറി.വലിയതുറ | 0.57 | |
| | | 5) കോക്കനട്ട് നഴ്സറി, കഴക്കൂട്ടം | 2.4 | |
| | | 6) ജില്ലാകൃഷിത്തോട്ടം. പെരിങ്ങമ്മല | 40.6 | |
| 2 | കൊല്ലം | 1) സംസ്ഥാന വിത്തുല്പാദന കേന്ദ്രം - കൊട്ടാരക്കര | 3.71 | |
| | | 2) സംസ്ഥാന വിത്തുല്പാദന കേന്ദ്രം .കടയ്ക്കൽ | 9.01 | |
| | | 3) കാഷ്യൂ ഫാം. കൊട്ടാരക്കര | 6 | |
| | | 4) കോക്കനട്ട് നഴ്സറി,കരുനാഗപ്പള്ളി | 3.72 | |
| | | 5) ജില്ലാകൃഷിത്തോട്ടം.ആനച്ചൽ | 140.54 | |
| 3 | പത്തനംതിട്ട | 1) സംസ്ഥാന വിത്തുല്പാദന കേന്ദ്രം .അടൂർ | 10.69 | |
| | | 2) സംസ്ഥാന വിത്തുല്പാദന കേന്ദ്രം .പുല്ലാട് | 7.2 | 278.51 |
| | | 3) മോഡൽ ഓർഗാനിക് ഫാം. കോന്നി | 10 | |
| | | 4) ഷുഗർ കെയിൻ ഫാം. പന്തളം | 10.69 | |
| 4 | ആലപ്പുഴ | 1) സംസ്ഥാന വിത്തുല്പാദന കേന്ദ്രം. അരുന്നൂറ്റിമംഗലം | 8.58 | |
| | | 2) സംസ്ഥാന വിത്തുല്പാദന കേന്ദ്രം.വീയപുരം | 21.68 | |
| | | 3) ജില്ലാകൃഷിത്തോട്ടം. മാവേലിക്കര | 34.72 | |

| | | | |
|---|---|---|---|
| 5 | കോട്ടയം | 1)സംസ്ഥാന വിത്തുല്പാദന കേന്ദ്രം.കോഴ | 11.72 |
| | | 2)സംസ്ഥാന വിത്തുല്പാദന കേന്ദ്രം.വാവച്ചിറ | 12.31 |
| | | 3)ജില്ലാകൃഷിത്തോട്ടം, കോഴ | 37.89 |
| 6 | ഇടുക്കി | 1)സംസ്ഥാന വിത്തുല്പാദന കേന്ദ്രം. കരിമണ്ണൂർ | 5.27 |
| | | 2)സ്റ്റേറ്റ് വെജിറ്റബിൾ ഫാം, വണ്ടപ്പെരിയാർ | 35.94 |
| | | 3)ജില്ലാകൃഷിത്തോട്ടം, അരിപ്പുഴ | 33.66 |
| 7 | എറണാകുളം | 1)സംസ്ഥാന വിത്തുല്പാദന കേന്ദ്രം,ഒക്കല് | 13.68 |
| | | 2)സംസ്ഥാന വിത്തുല്പാദന കേന്ദ്രം,ആലുവ | 5.32 |
| | | 3)ജില്ലാകൃഷിത്തോട്ടം, ചേലക്കര | 79.4 |
| | | 4)കോക്കനട്ട്നഴ്സറി, വൈറ്റില | 2.7 |
| 8 | തൃശ്ശൂർ | 1)സംസ്ഥാന വിത്തുല്പാദന കേന്ദ്രം,മണ്ണുത്തി | 12.2 |
| | | 2)സംസ്ഥാന വിത്തുല്പാദന കേന്ദ്രം,എടത്തുരുത്തി | 10.36 |
| | | 3 സംസ്ഥാന വിത്തുല്പാദന കേന്ദ്രം,പാണഞ്ചേരി | 9.06 |
| | | 4 സംസ്ഥാന വിത്തുല്പാദന കേന്ദ്രം,നടവരമ്പ | 13.25 |
| | | 5 സംസ്ഥാന വിത്തുല്പാദന കേന്ദ്രം,പഴയന്നൂർ | 15.6 |
| | | 6 സംസ്ഥാന വിത്തുല്പാദന കേന്ദ്രം, കോടശ്ശേരി | 8.68 |
| | | 7 ജില്ലാകൃഷിത്തോട്ടം, ചേലക്കര | 45.235 |
| | | 8 കോക്കനട്ട്നഴ്സറി, ഇരിങ്ങാലക്കുട | 2.2 |
| | | 9)മോഡൽഹോർട്ടികൾച്ചറൽ ഫാം , കണ്ണാറ | 5.68 |
| 9 | പാലക്കാട് | 1)സംസ്ഥാന വിത്തുല്പാദന കേന്ദ്രം,കുന്നന്നൂർ | 8.278 |
| | | 2)സംസ്ഥാന വിത്തുല്പാദന കേന്ദ്രം,കോങ്ങാട് | 7.10 |
| | | 3)സംസ്ഥാന വിത്തുല്പാദന കേന്ദ്രം,ആലത്തൂർ | 8.8 |
| | | 4)സംസ്ഥാന വിത്തുല്പാദന കേന്ദ്രം, ആനങ്ങനാടി | 7.132 |
| | | 5)സംസ്ഥാന വിത്തുല്പാദന കേന്ദ്രം,മുതലമട | 22.44 |
| | | 6)ഓറഞ്ച് &വെജിറ്റബിൾ ഫാം , നെല്ലിയാമ്പതി | 320.98 |
| | | 7)സെൻട്രൽ ഓർച്ചാർഡ്, പട്ടാമ്പി | 10.63 |
| | | 8)ഹോർട്ടികൾച്ചർ ഡവലപ്പ്മെന്റ് ഫാം, മലമ്പുഴ | 38.75 |
| | | 9)ഇന്റഗ്രേറ്റഡ് സീഡ് ഡവലപ്പ്മെന്റ് ഫാം, എരുത്തിയാമ്പതി | 58.51 |

| | | | |
|---|---|---|---|
| 10 | മലപ്പുറം | 1)സംസ്ഥാന വിത്തുല്പാദന കേന്ദ്രം,തവനൂര് | 9.07 |
| | | 2)സംസ്ഥാന വിത്തുല്പാദന കേന്ദ്രം,ചോക്കാട് | 11.34 |
| | | 3)സംസ്ഥാന വിത്തുല്പാദന കേന്ദ്രം,ആനക്കയം | 10.97 |
| | | 4)സീഡ് ഗാർഡൻ കോംപ്ലക്സ്, മുണ്ടേരി | 505.79 |
| | | 5)ജില്ലാകൃഷിത്തോട്ടം,ചുങ്കത്തറ | 33.34 |
| | | 6)ജില്ലാകൃഷിത്തോട്ടം,പരപ്പനങ്ങാടി | 8.4 |
| 11 | കോഴിക്കോട് | 1)സംസ്ഥാന വിത്തുല്പാദന കേന്ദ്രം,പുതുപ്പാടി | 11.62 |
| | | 2)സംസ്ഥാന വിത്തുല്പാദന കേന്ദ്രം,പേരാമ്പ്ര | 11.96 |
| | | 3)ജില്ലാകൃഷിത്തോട്ടം, കൂത്താളി | 40.09 |
| | | 4)കോക്കനട്ട്നഴ്സറി,തിക്കോടി | 2.74 |
| 12 | കണ്ണൂർ | 1)കോക്കനട്ട്നഴ്സറി, പാലയാട് | 10.66 |
| | | 2)സംസ്ഥാന വിത്തുല്പാദന കേന്ദ്രം, വെണ്ടാട് | 10.40 |
| | | 3)ജില്ലാകൃഷിത്തോട്ടം,കാങ്കോട് | 56.35 |
| | | 4)ജില്ലാകൃഷിത്തോട്ടം,തളിപ്പറമ്പ് | |
| | | 5)മോഡൽ ഹൈബ്രിഡൈസേഷൻ , ചാലോട് | 0.92 |
| | | 6)കോക്കനട്ട് നഴ്സറി , പാലയാട് | 4.644 |
| 13 | കാസർഗോഡ് | 1)സംസ്ഥാന വിത്തുല്പാദന കേന്ദ്രം, | 10.9 |
| | | 2)സംസ്ഥാന വിത്തുല്പാദന കേന്ദ്രം, | 18.263 |
| | | 3)കാഷ്യൂ പ്രോജനനി ഓർച്ചാർഡ്, ആയൂർ ആന്റ് ഗ്വാളിമുഖി | 115 |
| | | | 2062. |